
## ജി.വി.എച്ച്.എസ്.എസ് ചെറുവണ്ണൂർ



# ജാലകം

കുട്ടികളുടെ ഡിജിറ്റൽ മാഗസിൻ -2020



കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ സ്രാമ്പിയ അങ്ങാടിയിൽ 17-ാം നമ്പർ ദേശീയ പാതക്കരികിൽ സ്ഥിതിചെയ്യുന്ന വിദ്യാഭ്യാസ സ്ഥാപനമാണ് ചെറുവണ്ണൂർ ഗവ:വൊക്കേഷണൽ ഹയർ സെക്കൻ്ററി സ്കൂൾ. ചെറുവണ്ണൂർ നല്ലളം വില്ലേജിൽ രണ്ടേക്കർ ഇരുപത് സെൻ്റ് സ്ഥലത്താണ് സ്കൂൾ പ്രവർത്തിക്കുന്നത്. 1930 ൽ തൊണ്ടിയിൽ പുതുക്കുടിപറമ്പ് കോയാലിമൊല്ല സ്ഥാപിച്ച ഓത്തുപള്ളിക്കൂടമാണിത്. കെ.കോയട്ടി എന്നവരുടെ മകൾ ഖദീജ ചെറുവണ്ണൂർ ആണ് ആദ്യ വിദ്യാർത്ഥി. തുടക്കത്തിൽ 40 വിദ്യാർത്ഥികൾ ഉണ്ടായിരുന്ന ഈ സ്കൂൾ 1957 ൽ സർക്കാർ ഏറ്റെടുത്തു. 1974 ൽ ഹൈസ്കൂളായും 1990 ൽ വി.എച്ച്.എസ്.സിയായും ഉയർന്ന 2004 ൽ ഹയർസെക്കൻ്ററിയും ആരംഭിച്ചു. ഗവ:വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ ചെറുവണ്ണൂർ സാഹോദര്യത്തിലും സാമൂഹ്യ നീതിയിലും വർദ്ദിതരോടുള്ള സഹാനുഭൂതിയിലും അവരുടെ വളർച്ചയിലും അധിഷ്ഠിതമായ ഒരു സമൂഹത്തെ വിഭാവനം ചെയ്യുന്നതോടൊപ്പം വരും തലമുറയിൽ ഇങ്ങനെയുള്ള ഒരു ലോകം സാധ്യമാണെന്ന് വിശ്വസിക്കുകയും ചെയ്യുന്ന . നമ്മുടെ രാജ്യത്തിൻ്റെ വാഗ്ദാനങ്ങളായ കൊച്ചുകുഞ്ഞുങ്ങളുടെ ഭാവി പ്രതിജ്ഞാബദ്ധരും കർമ്മ നിരതരുമായ അധ്യാപകരിൽ സുരക്ഷിതമാകണം .

# ഉപദേശകസമിതി



SUSHAMA S JACOB
PRINCIPAL



AJITH KUMAR T
VICE PRINCIPAL



SANJEV KUMAR p
VHSE PRINCIPAL-IN-CHARGE



CHIDSWARUP N
KITE MASTER



SMITHA NARAYAN
KITE MISTRESS



PRABHA VP
SENIOR ASSISTANT



SAJEENDRA BABU M
SITC



GOPALAN K T
STAFF EDITOR


# പത്രാധിപസമിതി



SAFREENA 9 C



RIFA PARVEEN 9 B



SHIZA PARAMBATH 9 B



SHAIK CHANSA S
STUDENT EDITOR



GOPALAN KT
STAFF EDITOR

# LITTLE KITES OF GVHSS CHERUVANNUR





It is with an immense feeling of happiness that I pen these few lines. We are blessed with extremely capable and dedicated teachers, students and a strong good hearted supportive PTA, thus born this beautiful magazine. This venture has brought laurel to our school. I am glad that our school thought of such a novel way to release a wonderful magazine of variety of thought provoking articles.

I must congratulate the students and teachers who put their heart and soul to make this mission a memorable one.

May God bless all those who made this dream a reality.....

SUSHAMA S JACOB
PRINCIPAL



ശാസ്ത്രസാങ്കേതിക
പുരോഗതിയുടെ ഭാഗമായി
വികസിച്ചുവരുന്ന ഇൻഫർ
മേഷൻ ടെക്‌നോളജി പുതു
തലമുറ
ഫലപ്രദമായി
ഉപയോഗപ്പെടുത്തുന്നു
എന്നതിന്റെ
അടയാളപ്പെടുത്തലായി
ചെറുവണ്ണൂർ ഗവ.വൊക്കേഷണൽ
ഹയർസെക്കന്ററി സ്ക്കൂൾ ലിറ്റിൽ കൈറ്റ്സ്
തയ്യാറാക്കിയ ഡിജിറ്റൽ മാഗസിനെ കാണുന്നു. പുതിയ
കാലത്തിൽ സർഗ്ഗത്മക പ്രവർത്തനത്തെ
ഇൻഫർമേഷൻ ടെക്‌നോളജി പ്രയോജനപ്പെടുത്തി
വികസിപ്പിക്കുന്നതിനുള്ള ഒരു നൂതന
പ്രവർത്തനം കൂടിയാണ് ഡിജിറ്റൽ മാഗസിൻ.
ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നതിനു വേണ്ടി
പ്രവർത്തിച്ച എല്ലാ ലിറ്റിൽ കൈറ്റസ് അംഗങ്ങൾക്കും
അദ്ധ്യാപിക അദ്ധ്യാപകർക്കും മറ്റു സഹപ്രവർത്തകർക്കും
എല്ലാവിധ ആശംസകളും നേരുന്നു.

**അജിത് കുമാർ.ടി**

**വൈസ് പ്രിൻസിപ്പൽ**



പൊതുവിദ്യാഭ്യാസ രംഗത്തെ പുത്തനുണർവിന്റെ അലയൊളികൾ ഔപചാരിക , അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ മാറ്റൊലി കൊള്ളുകയാണ് സർഗ്ഗാത്മകതയും വൈജ്ഞാനികതയും ഊടുംപാവുമൊരുക്കുന്ന ഒരു മാസിക നമ്മുടെ വിദ്യാലയത്തിൽ നിന്ന് അണിഞ്ഞൊരുങ്ങുന്നുവെന്നത്  തികച്ചും ആശാവഹമായ കാര്യമാണ് . ലിറ്റിൽ കൈറ്റ്സ് മാഗസിൻ എല്ലാവിധ ആശംസകളും നേരുന്നു, അഭിമാനപൂർവ്വം ഒപ്പം ആഹ്ലാദപൂർവ്വം .

**സഞ്ജീവ് കുമാർ . പി**
**പ്രിൻസിപ്പൽ-ഇൻ-ചാർജ്**
**വി . എച്ച് . എസ് . ഇ**



വിദ്യാർത്ഥികളുടെ സർഗാത്മക സൃഷ്ടികളും, വിദ്യാലയവാർത്തകളും ,പഠനാനുബന്ധമായി തയ്യാറാക്കിയ രചനകളും അദ്ധ്യാപകരുടെ സൃഷ്ടികളും ഉൾപെടുത്തി വിദ്യാരംഗം കലാസാഹിത്യവേദിയുടെ സഹായത്തോടെ ലിറ്റിൽ കൈറ്റ്സ് തയ്യാറാക്കുന്ന ജ്ജാലകം ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

ഇത്തരമൊരു ഉദ്യമത്തിന് തയ്യാറായ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രത്യേക അഭിനന്ദനങ്ങൾ

*സസ്നേഹം*
*പ്രഭ.വി.പി*
സീനിയർ അസിസ്റ്റൻറ്



ചെറുവണ്ണൂർ ഗവ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്രൂളിലെ വിദ്യാരഗം കലാസാഹിത്യ വേദിയുടെ സഹായത്തോടെ ലിറ്റിൽ കൈറ്റ്സ് തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിൻ ജ്വാലകം പുറത്തിറങ്ങുകയോണ്. ആധുനിക സാങ്കേതിക വിദ്യയുടെ പുത്തൻ ചുവടുകൾ സർഗ്ഗതയുടെ ഡിജിറ്റൽ രൂപങ്ങൾ വിദ്യാർത്ഥികളുടെ മുൻകയ്യിൽ ഒരുങ്ങുകയാണ്. എഡിറ്റിംഗും, ആർട്ടും, പ്രൂഫ് റീഡിംഗും പുത്തൻ സാങ്കേതിക വിദ്യയുടെ ലോകത്തിലൂടെ അടുത്തറിയാൻ സാധിച്ചു. ഇത് നിങ്ങളുടെ മുമ്പിൽ സ്നേഹപൂർവ്വം സമർപ്പിക്കുന്നു

സ്റ്റുഡൻറ് എഡിറ്റർ
ഷെയ്ക്ക് ചാൻസ എസ്

# നവകേരളം

## എഡിറ്റോറിയൽ



പ്രളയാനന്തര കേരളം നൽകുന്ന പാഠങ്ങൾ നാം ഉൾക്കൊള്ളില്ല എങ്കിൽ നാം ഒരു തോറ്റ ജനതയായി മാറും. ജീവന്റെ നിലനിൽപ്പിനെ നാശോന്മുഖമാക്കുന്ന തരത്തിലുള്ള മനുഷ്യന്റെ ഇടപെടൽ ഭീതിജനകമാണ്. ആഗോളതാപനത്തിന്റെയും, കാലാവസ്ഥ വ്യതിയാനത്തിന്റെയും ദുരന്തഫലം നാം അനുഭവിച്ചു കൊണ്ടിരിക്കുന്നു. ഇനിയും ഒരു പരിസ്ഥിതി സംസ്കാരം നമുക്കില്ലാതെ പോയാൽ ദുരന്തം വലുതായിരിക്കും. ജാതിയില്ലാതെയും, മതമില്ലാതെയും നമുക്ക് ജീവിക്കാം. എന്നാൽ, മലകളില്ലാതെ, മരങ്ങളില്ലാതെ, പുഴകളില്ലാതെ നമുക്ക് എങ്ങനെ ജീവിക്കാനാകും?

പ്രപഞ്ചജീവിതത്തിന്റെ താളം തെറ്റിക്കൊണ്ടിരിക്കുന്നതിനു കാരണം പ്രജ്ഞാപരാധമാണ്. മനുഷ്യൻ പ്രപഞ്ചനിയമങ്ങളെ പാലിക്കാതെ പോകുന്നതുകൊണ്ടാണ്. പ്രകൃതിയെ കീഴടക്കി എന്ന അഹങ്കാരം അലങ്കാരയി കൊണ്ടാടുന്നു. വികസനത്തിന്റെ പേരിൽ ജൈവമണ്ഡലം തകർന്നുകൊണ്ടിരിക്കുന്നു. ജീവജാലകങ്ങളുടെ വംശനാശം, വനസമ്പത്തിന്റെ വിനാശം, ജലസ്രോതസുകളുടെയും, മണ്ണിന്റെയും, വായുവിന്റെയും നാശം പ്രപഞ്ചജീവിതത്തെ പ്രതിസന്ധിയിലാകുന്നു. സർവ്വജീവജാലങ്ങുടെയും ജനനവും വളർച്ചയും തുടർച്ചയും നിലനിൽപ്പും പ്രപഞ്ചനിയമങ്ങളനുസരിച്ചാണ്.

മനുഷ്യജീവിതത്തിന്റെ സമസ്തതലങ്ങളിലും സാമൂഹ്യ-രാഷ്ട്രീയ-സാമ്പത്തിക മേഖലകളിലെല്ലാം പ്രകൃതിവിഭവങ്ങൾക്ക് ഒഴിച്ചു കൂടാനാവാത്ത പങ്കുണ്ട്. എല്ലാ പ്രശ്നങ്ങളെയും പ്രതിസന്ധികളെയും ശാസ്ത്ര സാങ്കതിക വിദ്യകൊണ്ട് മറികടക്കാനാവില്ല എന്ന തിരിച്ചറിവ് നമുക്കുണ്ടാവണ്ടതുണ്ട്.

ഭൂമിയിൽ ജന്മംകൊള്ളുന്ന ജീവജാലങ്ങൾക്ക് ജീവിക്കാനുള്ള പ്രകൃതിവിഭവങ്ങളും അറിവും ഇന്നുണ്ട്. എന്നാൽ അത് പ്രായോഗികതലത്തിൽ എത്തണമെങ്കിൽ ലാഭചിന്തകളിലും, സ്വാർത്ഥതയിലും ആണ്ടുകിടക്കുന്ന സമ്പത് വ്യവസ്ഥ ഇല്ലാതാവണം. പ്രകൃതിവിഭവങ്ങൾ വിനിയോഗിക്കുന്നതിൽ കൃത്യമായ തുല്യതയും സാമൂഹികനീതിയും ഉറപ്പുവരുത്തേണ്ടതുണ്ട്.

നമ്മുടെ പൂർവ്വികർ നമുക്കായ് പരിപാലിച്ചു വച്ചതാണ് ഈ പ്രകൃതിയെ. പ്രകൃതി നമുക്കായ് ശ്രദ്ധയോടെ കരുതലോടെ കാത്തുവച്ചതാണ്. "പത്തുപുത്രന്മാർക്ക് തുല്യമാണ് ഒരു വൃക്ഷം"

എന്നും, "മരങ്ങളിൽ ദേവതമാർ വസിക്കുന്നു" എന്നും, മലദൈവങ്ങളും, ജലദേവതകും ഉണ്ടെന്ന ഉദാത്ത സങ്കൽപ്പങ്ങളും നമുക്കുണ്ടായിരുന്നു. വൃക്ഷങ്ങൾക്ക് രാജകീയ പദവി നൽകിയ അശോക ചക്രവർത്തി നമ്മുടെ ദേശക്കാരനായിരുന്നു.

വരും തലമുറക്കുകൂടെ അവകാശപ്പെട്ട ഈ ഭൂമിയെ കുറേ കൂടെ മെച്ചപ്പെട്ട നിലയിൽ നമുക്ക് കൈമാറേണ്ടതുണ്ട്. അതിനായ് വരും തലമുറകളായ വിദ്യാർത്ഥികളുടെ മനസ്സിൽ അവബോധം വേരൂന്നി തഴയ്ക്കും വിധം നവ പരിസ്ഥിതി സംസ്കാരം നാം വളർത്തിക്കൊണ്ടുവരേണ്ടതുണ്ട്. അതിനായി സ്കൂൾ സിലബസ്സിൽ മറ്റു വിഷയങ്ങൾ പഠിപ്പിക്കുന്ന പോലെ പരിസ്ഥിതിപഠനത്തിനായി പാഠപുസ്തകം പ്രത്യേകം തയാറാക്കി, കരിക്കുലത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. അത്തരത്തിൽ പരിസ്ഥിതി ബോധത്തിൽ അധിഷ്ഠിതമായ സംസ്കാരം വരും തലമുറയിൽ വളർന്നു വരുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

സ്റ്റാഫ് എഡിറ്റർ

കെ ടി ഗോപാലൻ

# Table of Contents


ചില നേരങ്ങളിൽ സംഭവിക്കുന്നത്.....14
ആ കാഴ്ച്ച.....15
പറയാൻ മറന്നത്.....17
പറയാൻ മറന്നത്.....18
ജയിൽ അനുഭവങ്ങൾ.....19
എങ്ങു പോയി.....21
വെള്ളപ്പൊക്കം.....21
കളിവീട്.....22
മാനത്തെ അമ്മാവൻ.....22
അഹങ്കാരം.....22
പ്രവേശനോത്സവം.....23
വിദ്യാർത്ഥികളെ അനുമോദിച്ചു.....25
വിജയോത്സവം 2019 – 2020.....27
കൂട്ട് - ദ്വിദ്വിന സഹവാസ ക്യാമ്പ്.....29
ENGLISH CLUB.....30
സോഷ്യൽ സയൻസ് ക്ലബ്.....31
സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി (spc).....34

# ചില നേരങ്ങളിൽ സംഭവിക്കുന്നത്



*കെ ടി ഗോപാലൻ(H S T മലയാളം)*

സ്നേഹം ഇന്നലെ
തൂങ്ങി മരിച്ചു
കനത്ത ഇരുൾക്കയർ കൊണ്ട്
ബഡ്റൂമിലായിരുന്നു
പുലർച്ചെയാണ് കണ്ടത്
വിദ്വേഷം വിശന്ന കണ്ണുമായി
നോക്കിനിൽക്കെയാണ്
സംഭവം നടന്നത്
വിശ്വാസം റെയിൽ പാളത്തിൽ
തലവെച്ചു, പരശുരാം എക്സ്പ്രസ്
കടന്നു പോകുമ്പോഴായിരുന്നു
ചിന്നിചിതറിയ ശരീരം
പോസ്റ്റുമോർട്ടത്തിനു ശേഷം
ബന്ധുക്കൾക്ക് വിട്ടുകൊടുത്തു
അവിശ്വാസം എല്ലാ ചടങ്ങുകൾക്കും
സാക്ഷിയായി, മടങ്ങി
സത്യത്തെ ആരോ
ഇന്നലെ വകവരുത്തി
ചോരവാർന്ന് പിടഞ്ഞ് പിടഞ്ഞാണ്
മരിച്ചത്, പ്രതി പിടിയിലായെങ്കിലും
അസത്യം സാക്ഷിയായിവാദിച്ചു
തെളിവില്ലാത്തതിനാൽ
പ്രതി കോടതിപ്പടിയിറങ്ങി
നാട്ടുചുറ്റി നടക്കുന്നു

# ആ കാഴ്ച

*റിഫ പർവീൻ 9 ബി*

“എടാ രാഘവ്...എണീറ്റെ എത്ര നേരമായി ഈ ഉറക്കം.”കസേരയിലിരുന്നു മേലോട്ടു മുഖം പൊന്തിച്ചു വെച്ചു പാതി കണ്ണു തുറന്നു ഉറങ്ങുന്ന രാഘവിനെ തട്ടിവിളിക്കുകയാണ് സുനിൽ.പാതി അടച്ച കണ്ണ് മുഴുവനും അടിച്ചുകൊണ്ട് ഒന്നുകൂടി തലപൊക്കി രാഘവ് സ്വപ്നത്തിന്റെ തേരിലേക്ക് ഊർന്നിറങ്ങി .” ഹലോ , മിസ്റ്റർ ടൈം ഈസ് ഗോൺ . ആ റിപ്പോർട്ടിനുള്ള തീം തയ്യാറാക്കാനുള്ളതാ വെയ്ക്കപ്പ് ഫാസ്റ്റ്."സുനിൽ രാഘവിനെ കസേരയിൽ നിന്നെഴുന്നേൽപ്പിച്ചു . മനസ്സില്ലാ മനസ്സോടെ ഒരു വലിയ കോട്ടുവായിട്ടോണ്ട് രാഘവ് തുടർന്നു"

"എന്താണ്ടാ ... ഇങ്ങനെ ശല്യം ചെയ്യല്ലെ . ഞാൻ സ്വർഗത്തിലെ എന്റെ അമ്മയുടെ അടുത്തേക്ക് എത്താൻ പോവുകയായിരുന്നു അപ്പോഴാണ് അവന്റൊരു തീം.”സുനിൽ രാഘവിനെ ഒന്നു തുറിച്ചു നോക്കി കൊണ്ട് പറഞ്ഞു " എന്താ  നീ പറയണേ ങേ .....?” രാഘവ് അപ്പോഴാണ് രാഘവ് പൂർണ്ണമായി എഴുന്നേറ്റിരുന്നത്". "സോറി.. ടാ.. ഞാൻ സ്വപ്നത്തിൽ എന്റെ ഒരിക്കലും കാണാത്ത അമ്മയുടെ അടുത്തേക്ക് മാലാഖമാരുടെ ചിറകിലേറി പോവുകയായിരുന്നു .” സുനിൽ ഒന്നു മൂളി "ഹാവൂ ... ഞാൻ നിന്നെ വല്ലാതെ തെറ്റുദ്ധരിച്ചു...പിന്നെ നമ്മൾ ഓൾറഡീ ലൈയ്റ്റാണ് ഇന്ന് ആ മേനേജറിന്റെ വായിലുള്ളതൊക്കെ കേൾക്കാം"

രാഘവ് ഇതൊന്നും കേട്ടഭാവം കാണിക്കാതെ ക്യാമറ എടുത്ത് കഴുത്തിലിട്ട് താൻ തലേന്നു രാത്രി ഉറക്കമിളിച്ചിരുന്നു ചെയ്ത കടലാസുകളുംഫയലുകളെല്ലാം ബാഗിലാക്കി തന്റെ തോളിലിട്ട് പുറത്തേക്ക് കടന്നു. സുനിൽ പുറകിൽ തന്നെ  മുറി പൂട്ടി താക്കോൽ കീശയിലിട്ട് രാഘവിന്റെ പിന്നാലെ നടന്നു . “രാഘവ് ഒരു പാവമാണ് . ശരിക്കും അവൻ അവന്റെ അമ്മയെ മിസ്സ് ചെയ്യുന്നുണ്ട് "സുനിൽ ആത്മഗദം ചെയ്തു.

പെട്ടെന്ന് രാഘവ് പുറകിലേക്ക് തിരിഞ്ഞ സുനിൽ ആലോചനയിൽ നിന്നെഴുന്നേറ്റു. “സുനീ ... നിനക്ക് ചായ വേണോ അതോ കാപ്പി മതിയോ ... ? സുനിൽ തിരക്ക് കൂട്ടി “ഏയ് ഇതിനൊന്നും സമയമില്ല്യട്ടോ...നീ വേഗം ബസ് സ്റ്റോപ്പിലേക്ക് നടക്ക് .

രാഘവ് സുനിലിന്റെ മുഖത്തേക്ക് നിർന്നിമേഷനായി നോക്കി . പിന്നെ സുനിലിന്റെ മുമ്പിലായി നടന്നു . അവർ രണ്ടുപേരും പരസ്പരം ഒന്നും പറയാതെ ബസ് സ്റ്റാന്റിൽ എത്തിപ്പെട്ടു . അവിടെ ടൈ കെട്ടി ഒരു ബ്ലാക്ക്ഷൂസിട്ട് കണ്ണടവെച്ച് ഒരു മാന്യൻ നിൽക്കുന്നതു കണ്ടു . അടുത്തുതന്നെയൊരു കള്ളിമുണ്ടുടുത്ത മനുഷ്യൻ . “ആ ജന്റിൽമാനോട് തന്നെ ചോദിക്കാം". സുനിൽ ആ മാന്യന്റെ അടുത്തേക്ക നീങ്ങിനിന്നു ."ചേട്ടാ...പത്തരയ്ക്കുള്ള ബസ്സ് പോയോ . ആ മാന്യൻ തന്റെ കണ്ണടയ്ക്കുള്ളിലൂടെ സുനിലിനെ ഒന്നു നോക്കി കുറച്ചുമുന്നിലോട്ടേക്ക് നീങ്ങിനിന്നു . കൂട്ടത്തിൽ കള്ളിമുണ്ടുടുത്ത മനുഷ്യൻ സുനിലിന്റെ അടുത്തേക്ക് നീങ്ങിനിന്നു . “മോനേ...പത്തരയ്ക്കുള്ള ബസ്സ് പോയിട്ടൊന്നുമില്ല . ഇനി രണ്ട് മിനിറ്റുംകൂടി കാത്തിരുന്നാൽ മതി "."താങ്ക്യൂ അങ്കിൾ". ആദ്യത്തെ മനുഷ്യന്റെ അഹങ്കാരസ്വഭാവത്തിനുമുന്നിൽ പതറേണ്ടിവന്ന സുനിലിന് അയാളെയോർത്ത് അപമാനം തോന്നി .

ഒരു ബസ്സ് വലിയ ഹോണോടെ പെട്ടന്നവരുടെ മുമ്പിൽ പ്രത്യക്ഷപ്പെടുകയായിരുന്നു . "വാ രാഘവ് കയറൂ...”. രാഘവ് തന്റെ ഷർട്ട് റെടിയാക്കി ബസ്സിൽ കയറി . “ഭാഗ്യം ജനലിനടുത്തുള്ള ഇരിപ്പിടം തന്നെ കിട്ടി ". രാഘവ് ജനലിന്റെ പുറത്തേക്ക് നോക്കിയിരിക്കുന്നു . “രണ്ട് ചോലക്കടവ് ".

സുനിൽ ടിക്കറ്റ് കണ്ടക്ടറുടെ അടുത്ത് നിന്ന് എടുത്തു . “ഹൊ ! എന്തൊരു ചൂടാണല്ലേ". സുനിൽ തന്റെ ബാഗ് മടിയിൽവെച്ച് രാഘവിന്റെ അടുത്തിരുന്നു .

ബസ്സ് വളരെ വേഗത്തിൽ നീങ്ങിത്തുടങ്ങി . “ചോദിക്കുന്നതു കൊണ്ടൊന്നും വിചാരിക്കരുത് , തന്റെ അമ്മയെ നീ കണ്ടിട്ടുണ്ടോ ". രാഘവ് ജനലിൽനിന്നും കണ്ണെടുക്കാതെ പറഞ്ഞു "എന്റെ അമ്മയെ എനിക്കു കാണണം " ഒരിക്കലും കാണാത്തതാണെങ്കിലും . “അമ്മയെ കാണണം " എന്നു തുടർന്നു പറഞ്ഞു രാഘവ് ഓർമ്മയുടെ ആഴങ്ങളിലേക്ക് നീങ്ങി . “എന്റെ അമ്മ...എന്നെ നൊന്തുപെറ്റ എന്റെ അമ്മ എനിക്കെന്നെന്നും തണലായിരുന്നു . അവൻ അവന്റെ അമ്മയുടെ സാമീപ്യത്തെക്കുറിച്ചുള്ള ദൃശ്യങ്ങൾ മനസ്സിലേക്ക് കൊണ്ടുവന്നു . പക്ഷെ നൊമ്പരങ്ങളും സന്തോഷങ്ങളും പങ്കുവയ്ക്കാൻ അമ്മയില്ല . പക്ഷേ ഈ ലോകക്തിന്റെ ഏതെങ്കിലുമൊരു കോണിൽ സ്വന്തം മകനെ കാത്ത എന്റെ അമ്മ ഇന്നും..."എന്റെ ഭഗവാനേ...”ചോലക്കടവ്...ചോലക്കടവ്...ചോലക്കടവ് , ശ്വാസം വിടാതെ കണ്ടക്ടർ വിളിച്ചുകൂവുകയാണ് . രാഘവ് തന്റെ അമ്മയെ ഒന്നുകൂടി മനസ്സിലേക്ക് കൊണ്ടുവന്നതു നിർത്തിവെച്ച് പുറത്തേക്കിറങ്ങി . “സ്റ്റുടിയോയിലേക്ക് ഇനിയും പോകാനുണ്ട് ". ബസ് സ്റ്റോപ്പിൽനിന്നും രാഘവനും സുനിലും നടക്കാൻ തുടങ്ങി.രണ്ടുപേരും ഒരു കോളനിയുടെ മുമ്പിലെത്തി . എല്ലായിടത്തുനിന്നും ബഹളം വന്നു . അവർ മുന്നോട്ടു നീങ്ങി . പെട്ടെന്നാണ് രാഘവന്റെ ദൃഷ്ടിയിൽപ്പെട്ടത് , ഒരു ശോഷിച്ച പനമരം . അതിന്റെ ചുവട്ടിൽ നിർന്നിമേഷനായി ആ മരത്തിനടിയിൽ ഇരിക്കുന്ന ഒരു വയസ്സായ സ്ത്രീ. ആ മരംപോലെത്തന്നെ ശോഷിച്ചിരിക്കുകയാണ് ആ സ്ത്രീ .അതിന്റെ മടിയിലൊരു പൂച്ചക്കുഞ്ഞ് . അടുത്തുതന്നെ മാലിന്യക്കൂമ്പാരം നിറഞ്ഞുനിൽക്കുന്നു . അതിൽനിന്നും ചില പ്ലാസ്റ്റിക്ക് കവറിലെ ആരെയും അറപ്പിക്കുന്ന ഭക്ഷണച്ചവറ് ഒരു കറുത്ത നായയുടെകൂടെ കഴിക്കുകയാണാ സ്ത്രീ . അത് രാഘവിനെയും സുനിലിനെയും കൂടുതൽ അസ്വസ്ഥനാക്കി . രാഘവ് സുനിലിന്റെ മുഖത്തേക്ക് നിസ്സഹായനായി നോക്കി "വാട്ട് ഹാപ്പൻട് ... നീ എന്തിനാണ് ഇതൊക്കെ നോക്കുന്നത് . ഏയ് ഡേർട്ടി ഫെല്ലോ ... "സുനിലിന്റെ ഈ വാക്കുകൾ രാഘവിനെ ഏറെ ദുഖഃിതനാക്കി . ഇവനെന്താരു മനുഷ്യനാ...

അവർ മുന്നോട്ടു നീങ്ങുകയാണ് . പക്ഷേ ആ കാഴ്ച്ച രാഘവിനെ പിറകിലോട്ടു വലിച്ചു . തനിക്ക് തന്റെ അമ്മയെ കണ്ടപോലൊരു സുഖമാണ് പെട്ടെന്നവനിലേക്ക് കടന്നുവന്നത് . ഇതവനെ അവിടെത്തന്നെ നിർത്തി . "എന്താ നീ നിന്നു കളഞ്ഞേ..."സുനിൽ പുറകിലോട്ടു നോക്കിപ്പറഞ്ഞു . "ഇന്നെനിക്ക് നിന്റെയൊപ്പം വരുവാൻ കഴിയുകയില്ല . " "എന്തുപറ്റി..."

രാഘവ് കൂടുതലൊന്നും പറയാതെ പിറകിലേക്ക് ഓടാൻ തുടങ്ങി ..ആ സ്ത്രീയുടെ അടുത്തേക്ക്...അവർ അവിടെത്തന്നെ ഇരുന്നു പെറുക്കിത്തിന്നുകയാണ് . ആ സ്ത്രീയുടെ അടുത്ത് നിറക്കണ്ണോടെ രാഘവ് നോക്കി . അവർ അതൊന്നും ശ്രദ്ധിക്കുന്നില്ല . പെട്ടെന്ന് അവർ തിരിഞ്ഞുനോക്കി . രാഘവിന് മൂക്കുപൊത്താനുള്ള പ്രവണതയുണ്ടാക്കി . പക്ഷേ അവനതു ചെയ്തില്ല .



മോനേതാ ? രാഘവന്റെ മുഖത്തേക്ക് ആ സ്ത്രീ നിസ്സഹായയായി നോക്കി . തന്റെ അമ്മയെയായിരുന്നു ആ സ്ത്രീയിലൂടെ അവൻ കണ്ടത് . താനിതുവരെ കാണാത്ത തന്റെ അമ്മ ...

"അമ്മേ ... "രാഘവിന്റെ ഈ വാക്കുകൾ ആ സ്ത്രീയുടെയുള്ളിൽ ഒരു വിങ്ങലുണ്ടാക്കി . ഇരുന്നിടത്തുനിന്നും താങ്ങിയെഴുന്നേറ്റ് പൊട്ടിക്കരഞ്ഞുകൊണ്ട് ആ സ്ത്രീ രാഘവിനോടടുത്തു . ഒരിക്കലും കാണാത്ത തന്റെ മകനെ കണ്ട പോലൊരു സുഖം . "മോനേ... ". രാഘവ് ആ അമ്മയുടെ കയ്യെടുത്ത് തോളിലിട്ട് അങ്ങനെ നടക്കുകയാണ് . അമ്മയെയും മകനെയും കിട്ടിയ സന്തോഷമാണ് ഇരുവരുടെയും മുഖത്തും . ഇത് ദൂരെനിന്നും നിറകണ്ണോടെ നോക്കിനിൽക്കുകയാണ് സുനിൽ . അവർ അങ്ങനെ നീളെ നടക്കുകയാണ്... ഒരു പുതുജീവതത്തിലേക്ക്...

# പറയാൻ മറന്നത്

*ബിജിത കെ പി (HSST കോമേഴ്സ്)*

എല്ലാ വെള്ളിയാഴ്ച്ചയും ഗ്രാമത്തിൽ ചന്ത നടന്നിരുന്നു. രാസവളങ്ങളോ കീടനാശിനികളോ തൊട്ടു തീണ്ടാത്ത പച്ചക്കറികൾ തുച്ഛമായ വിലയ്ക്ക് കിട്ടുന്ന ആ സബ്ജി മാർക്കറ്റിലേക്ക് പതിവായി സഹപ്രവർത്തകരുടെയാണ് അയാൾ വരാറുള്ളത്. പതിവ് വിപരീതമായി ഭാര്യയോടൊത്താണ് ഇന്ന് മാർക്കറ്റിലെത്തിയത്.

എന്നത്തേയും പോലെ മാർക്കറ്റിനകത്തെ കൊച്ചു കടയിലേക്ക് അയാൾ കണ്ണോടിച്ചു. അവിടെ ലക്ഷ്മി ഉണ്ടായിരുന്നു. ഇതാണോ നിങ്ങൾപറഞ്ഞ ലക്ഷ്മി എന്ന ഭാര്യയുടെ ചോദ്യം അയാളെ ആകെയൊന്ന് ഉലച്ചു. വിവാഹ ജീവിതത്തിൽ സത്യം പറഞ്ഞതിന്റെ പേരിൽ ഗുണദോഷങ്ങൾ അനുഭവിക്കാൻ തയ്യാറുള്ളവനെ പോലെ അയാൾ ഭാര്യയെ ദയനീയമായൊന്നു നോക്കി.



മലയാളം അദ്ധ്യാപകനായി ദയിൽ വാരയിലെ നവോദയയിൽ ജോലികിട്ടി വന്നപ്പോൾ നാടുകാണാനിറങ്ങിയ കൂട്ടത്തിലാണ് മാർക്കറ്റിലെ കൊച്ചു കടയിൽ ലക്ഷ്മിയെ ആദ്യമായി കണ്ടത് . അവളെ കാണാൻ വേണ്ടി മാത്രം ഗ്രാമത്തിലെ ആ കടയ്ക്ക് മുന്നിലൂടെ നടന്നതും ..... കൊമ്പൻമീശക്കാരനായ അവളുടെ അച്ഛനെ കാണുമ്പോൾ  നടത്തത്തിന്റെ വേഗത കൂട്ടിയതുമായ രസകരമായ പല അനുഭവങ്ങളും മധു വിധു നാളിൽ ഭാര്യയുമായി പങ്കുവച്ചിരുന്നു .

ഇന്ന് കടയ്ക്ക് മുമ്പിലെത്തിയപ്പോൾ ലക്ഷ്മിയെ കണ്ടപ്പോൾ പറയാൻ മറന്ന് വച്ച ആ വാചകം അയാളുടെ തൊണ്ടക്കുള്ളിൽ കിടന്ന് വീണ്ടുമൊന്ന് പിടഞ്ഞു .................”മെ ആപ്സെ പ്യാർ.....”

# പറയാൻ മറന്നത്

*നവീന .കെ 8 f*

മൂകയായി നിൽക്കുന്ന തുമ്പയെ വീക്ഷിച്ചാൽ
നിന്റെ മുഖം ഞാൻ സ്മരിച്ചുപോകുന്നു
പറയാൻ മറന്നുപോയ കാര്യം
എന്നുള്ളിൽ തീയായി പടർന്നുനിൽക്കുന്നു
മേലെ വീശുന്ന കറ്റിന്റെ തലോടൽ
നിൻ മടിയിലെ ചൂട് പറ്റുന്ന പോൽ
അമ്മ തൻ സ്നേഹത്തെ തോൽപ്പിച്ചു ഞാൻ
അമ്മതൻ വിശ്വസ്തതയെ തോൽപ്പിച്ചു ഞാൻ
എല്ലാത്തിനും മീതെയായി
നിൽക്കുന്നു ഞാൻ .
ഇക്കാര്യം അമ്മതൻ കാതിൽ ഞാനോതിയാൽ
ഐശ്വര്യമാർന്ന മുഖം മാഞ്ഞു പോകും
ദുഷ്ടനാണു ഞാൻ
അമ്മതൻ സ്നേഹം നോക്കുമ്പോൾ
എല്ലാരും പുഞ്ചിരി തുകി ആഴ്ന്നിറങ്ങുമ്പോൾ
എല്ലാരും വെറുപ്പോടെ പറയാൻ
മറന്നു ഞാൻ
ഈ ലോകം മാത്രം തെറ്റു ചെയ്തില്ല
ഞാൻ ഒരിക്കലും
ഇനി ചെയ്യുകയുമില്ല



ഞാൻ ഒരിക്കലും തെറ്റ് ചെയ്തില്ലെന്നോതുവാൻ
എനിക്ക് പക്ഷിയും , വൃക്ഷവും മണ്ണും മാത്രം
തണലുനൽകാൻ എനിക്കി വൃക്ഷവും
തലോടാനെനിക്ക് കാറ്റും കിടന്നുറങ്ങാൻ മണ്ണും .
സമാധാനിപ്പിക്കാൻ നിലാവും തലോടാൻ പ്രക്രതിയും
അനന്തമായി നീങ്ങുന്ന മേഘം പേടിക്കുന്നു.
നീ പറയാൻ മറന്നത് എന്ത്
നിനക്ക് പിഴവ് പറ്റിയതെവിടെ
പറയാൻ വയ്യ ഇക്കാര്യം നിന്നോട്
പറയാൻ വയ്യ .....പറഞ്ഞാൽ താങ്ങുകില്ല

# ജയിൽ അനുഭവങ്ങൾ

*ഷിസ പറമ്പത്ത് 9 b*

പ്രശസ്ത ഈജിപ്ഷ്യൻ എഴുത്തുകാരിയും പ്രഭാഷകയും ആക്ടിവിസ്റ്റുമായ സൈനബുൻ ഗസ്സാലിയുടെ ഒരു കണ്ണുനിറക്കുന്ന ആത്മകഥയാണ് ജയിലനുഭവങ്ങൾ .

നാട്ടിൽ തെറ്റായ ഭരണം തുടങ്ങിയപ്പോൾ ഒരു ഇസ്ലാമിക സംഘനയുടെ നേതാവായിരുന്ന സൈനബുൽ ഗസ്സാലി അവരോട് ശക്തമായി വിമർശിക്കുകയാണ് ഇതിന്റെ പേരിൽ ധാരാളം അപകടങ്ങളും ഉണ്ടായിട്ടുണ്ട് . അതിലൊന്നാണ് 1964 ഫെബ്രുവരി മാസാദ്യത്തിൽ നടന്ന കാറപകടം

ഇസ്ലാമിനു വേണ്ടി ധാരാളം പോരാട്ടങ്ങൾ നടത്തി . അവിടെയുള്ളവർ മുസ്ലിംകളെ സഹോദരൻമാരായിട്ടാണ് കണ്ടത് . ഇസ്ലാം സംഘടനയുടെയും ഇഖ്വാൻ സംഘടനയുടെയും പേരിൽ അവർ ധാരാളം പേരോട് ബന്ധം പുലർത്തിയിരുന്നു അവരിൽ ഏറ്റവും അടുത്തവരാണ് ഹുദയ്ബിയും അബ്ദുൽ ഫത്താഹും .



അങ്ങനെയിരിക്കെയാണ് അറസ്റ്റിന്റെ പൊടിപൂരം ഉയർന്നത് . ഇഖ്വാനികളേയും ഇസ്ലാമിക സംഘടനയിലുള്ളവരേയും ഭരണകൂടം ഒരു കാര്യവുമില്ലാതെ അറസ്റ്റ് ചെയ്ത് കഠിനശിക്ഷകൾ നൽകി .

ഏത് നിമിഷവും അറസ്റ്റ് ഉണ്ടാവുമെന്ന് സൈനബിന് അറിയാമായിരുന്നു. ഒരു സ്ത്രീയാണെന്നുകൂടി നോക്കാതെ ആ പത്തൊമ്പത്കാരിയെ കഠിനമായി മർദിച്ചു അബ്ദുന്നാസിറിന്റെ ഉത്തരവായിരുന്നു . പുരുഷൻമാരേക്കാൾ അതി ശക്തമായി സൈനബിനെ ശിക്ഷിക്കണം . ഭക്ഷണവും ദിന ചര്യകളും നിറവേറ്റാനാവാതെ സൈനബ് അവിടെ കഴിഞ്ഞുകൂടി. ജമാൽ അബ്ദുന്നാസിറിനെ വധിക്കാൻ ഗൂഢാലോചനയുണ്ടാക്കി എന്നതായിരുന്നു ഭരണകൂടത്തിന്റെ വാദം . അതു നുണയായിരുന്നു.

ജയിലർമാരായ രണ്ടുപേർ സൈനബ് കാരണമായി അവർ കൊലപ്പെട്ടുകയും ചെയ്തു. ഏതൊരു മനുഷ്യനും സഹിക്കാൻ പറ്റാത്ത ദ്രോഹമായിരുന്നു. സൈനബ് സഹിച്ചിരുന്നു. ചാട്ടവാറും ചമ്മട്ടികൊണ്ടും അടികിട്ടിയും വെള്ളത്തിൽ ആറ് ദിവസം മുക്കിയിട്ടും നായ്ക്കളുടെ കൂട്ടിൽ നായ്ക്കളോടൊപ്പം  ഇട്ടുകൊണ്ടും അവർ സൈനബിനെ ഉപദ്രവിച്ചു അവരെകൊണ്ട് നുണക്കഥകൾ പറയാൻ പ്രേരിപ്പിച്ചു . പക്ഷേ, അതെല്ലാം നിഷ്ഫലമായിരുന്നു പ്രൊസിക്യൂട്ടറിന്റെ മുമ്പിലും കൊണ്ടുപോയി . എന്നിട്ട് നുണപറഞ്ഞില്ല .

അല്ലാഹുവിനെ അമിതമായി സ്നേഹിച്ചിരുന്ന സൈനബ് ജയിലിൽ തയമ്മം ചെയ്ത് നിസ്കരിച്ചു . നാലഞ്ച് തവണ പ്രവാചകൻ നബിയെ സ്വപ്നം കണ്ടു . ഒരുപാട് പീഡനങ്ങൾ സഹിച്ച സൈനബിന്റെ ശരീരത്തിൽ മുറിവില്ലാത്ത ഭാഗമുണ്ടായിരുന്നില്ല . സൈനബിനു കൂട്ടായി ഹമീദയേയും കിട്ടി .

അബ്ദുൽ ഫത്താഹും ഹുദൈബിയും കൊല്ലപ്പെട്ടു . സൈനബിനേയും ഹമീദയേയും പനിതാ ജയിലിലേക്കു കൊണ്ടുപോയി . അവിടെ ചിലർക്ക് മനുഷ്യത്ത്വമുണ്ടായിരുന്നു അബ്ദുന്നാസിർ മരിച്ചു

ഒടുവിൽ സൈനബ് ജയിൽ മോചിതയായി. ഹമീദ് തനിച്ചായി . ശോകജന്യമായ ഒട്ടേറെ സംഭവങ്ങൾ അടുക്കി വച്ച ഈ ആത്മകഥ നെഞ്ചിടിപ്പോടെയല്ലാതെ ബാക്കിയാവില്ല.

കണ്ണീരിലും ചോരയിലും കുതിർന്ന ആത്മാനുഭാവങ്ങളുടേയും ഏട്. ........

# എങ്ങു പോയി

*വിസ്മയ കൃഷ്ണ പി 9 എ*

ഇരുളിലാ നീല നദി നീന്തി നീന്തി

ചിറകൊടിഞ്ഞ കാലമേ എങ്ങു പോയി നീ

ഇരുളിലാ സന്ധ്യയും മാഞ്ഞു പോയോ

മഴയുടെ കുളിരായ് എങ്ങു പോയി നീ

മൂകമാം കാലമേ പോകയാണൊ

ഇരുളിലീ ജീവനെ ഏകയാക്കി

ഇരുളിലാ നീല നദി നീന്തി നീന്തി

ചിറകൊടിഞ്ഞ കാലമേ എങ്ങു പോയി നീ

# വെള്ളപൊക്കം

അനന്യ കെ ടി 8 ഇ

ഇടിമിന്നലാം മഴയെ
തടഞ്ഞു നിർത്തി
മലയിലെ കുടത്തിൽ
നിറവ്വി നീ
ഉരുളും കുടം താഴെ
വീണ് പൊട്ടി ചിതറി
വലിയ വെള്ളപൊക്കമായ് മാറി നീ
സഞ്ചാര വാഹിനിയാം
വെള്ളത്തിലേറി
സായാഹ്ന സന്ധ്യയെ കണ്ടു മുട്ടാം
ചരിത്രത്തിൻെറ വഴിത്താളുകളാം
ഗ്രന്ഥത്തിൻ ചുരുളഴിക്കാം

# കളിവീട്

*ഫാത്തിമ റന പി ടി 2 ബി*

പണ്ട് പണ്ട് ഒരു ഉറുമ്പുണ്ടായിരുന്നു.അവൻ ഒരു വീട് നിർമ്മിച്ചു.ശർക്കര കൊണ്ടുള്ള മേല്ലുരമേൽ മേല്ലുരയെ താങ്ങി നിർത്താൻ ഉപയോഗിക്കുന്ന വടിക്കരിമ്.നിലം പഞ്ചാര എന്നിങ്ങനെ ആയിരുന്നു.ആ ഉറുമ്പ് അവൻ വീട് കാണാൻ കൂട്ടുകാരെ ക്ഷണിച്ചു.അവർ വന്നു അവൻ ഒരു കാര്യം മറന്നു.അവൻ കൂട്ടുകാർക്ക് കഴിക്കാൻ സദ്യ ഉണ്ടാക്കാൻ അവൻ മറന്നു.അവർക്ക വിശക്കാൻ തുടങ്ങി.വിശപ്പ് സഹിക്കാനാവാതെ കുറച്ചു പേർ മേല്ലുരയും കുറച്ചു പേർ താങ്ങുവടിയും ബാക്കിയുള്ളവർ നിലവും കഴിച്ചു.അങ്ങനെ അവന്ടെ വീട്നശിച്ചു.അവന് സങ്കടമായി.

# മാനത്തെ അമ്മാവൻ

*ലിയ അസ്‌ലം കെ പി 3 എ*

കണ്ടോ കണ്ടോ അമ്മാവൻ
കണ്ടു ചിരിപ്പൊരു അമ്മാവൻ
താഴത്തേക്ക് വരുമോ നീ
കണ്ടോ കണ്ടോ മുറ്റത്ത്
കൗതുകമുള്ളൊരു പൂമ്പാറ്റ
തേൻ നുകരുന്നൊരു പൂമ്പാറ്റ
പൂന്തോട്ടത്തിൽ വരുമോ നീ

# അഹങ്കാരം

*ജസ്‌ന പി 6 എ*

ഒരിക്കൽ റോസി എന്നൊരു സുന്ദരി പൂമ്പാറ്റ ഉണ്ടായിരുന്നു. അവളുടെ സൗന്ദര്യത്തിൽ അഹങ്കരിച്ചിരുന്നു. ഒരു ദിവസം പൂമ്പാറ്റകൾ ഒന്നിച്ചു പറക്കുമ്പോൾ സുന്ദരി എന്ന് അഹങ്കരിച്ച് അവൾ മുമ്പേ പറന്നു. വഴി തെറ്റി അവൾ ഒരു റോസാതോട്ടത്തിൽ എത്തി. ഭംഗിയുള്ള ഒരു റോസിനെ കണ്ടു. അവൾ പറഞ്ഞു എൻെറത്രയും ഭംഗിയുള്ള ഒരാളെ കൂടി കണ്ടല്ലോ. അവൾ റോസിനെ തൊട്ടതും മുള്ള് കൊണ്ട് രണ്ട് ചിറകും മുറിഞ്ഞു. കരഞ്ഞു കൊണ്ട് അവൾ ഓർത്തു അഹങ്കാരം കൊണ്ടാണ് എനിക്കീ അവസ്ഥ വന്നത്. അഹങ്കാരം ആപത്തെന്ന് എന്ന് അതോടെ റോസി മനസിലാക്കി.

# പ്രവേശനോത്സവം




ചെറുവണ്ണൂർ വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളിലെ ഒന്നാം ക്ലാസ് പ്രവേശനോത്സവം വർണശബളമായ അന്തരീക്ഷത്തിൽ സമുചിതമായി ആഘോഷിച്ചു. ഈ അക്കാദമിക വർഷത്തിൽ ഒന്നാം ക്ലാസിലേക്ക് പ്രവേശനം

നേടിയവരെ ബാൻഡ് മേളത്തിന്റെ അകമ്പടിയോടെ എൽ.പി.വിഭാഗം അങ്കണത്തിലേക്ക് ആനയിച്ചു കൊണ്ടുവന്നു.നവാഗതർക്ക് ബലൂൺ,മിഠായി എന്നിവ സമ്മാനമായി നൽകി.

യോഗത്തിൽ സ്കൂൾ പ്രധാനധ്യാപകൻ ശ്രീ.അജിത്കുമാർ മാസ്റ്റർ സ്വാഗതം പറഞ്ഞു. പി.ടി.എ.പ്രസിഡന്റ് ശ്രീ.ശിവശങ്കരന്റെ അധ്യക്ഷതയിൽ കോഴിക്കോട് കോർപ്പറേഷൻ കൗൺസിലർ ശ്രീ.പി.സി.രാജൻ പ്രവേശനോത്സവം കുട്ടികളുടെയും രക്ഷിതാക്കളുടെയും സാന്നിധ്യത്തിൽ ഔപചാരികമായി ഉദ്ഘാടനം ചെയ്തു. ഹയർ സെക്കന്ററി പ്രിൻസിപ്പൽ ശ്രീമതി സുഷമ ടീച്ചർ ,വി.എച്ച്.എസ്.ഇ പ്രിൻസിപ്പൽ ശ്രീ.സഞ്ജീവ് മാസ്റ്റർ, ഡെപ്യൂട്ടി എച്ച്.എം.പ്രഭ ടീച്ചർ ,ശ്രീ.ഗോപാലൻ മാസ്റ്റർ എന്നിവർ ആശംസകളർപ്പിച്ചു.കെ.ടി.ഗോപാലൻ മാസ്റ്ററുടെ നാടൻപാട്ടിനനുസരിച്ച് കുട്ടികൾ താളമിട്ടു.നാലാം ക്ലാസിലെ കുട്ടികളുടെ നാടൻപാട്ടുകള് അരങ്ങേറി.ഇന്ദുല ടീച്ചർ നന്ദി പറഞ്ഞു. നവാഗതർക്ക് കോട്ടൂലട റെസിഡെന്റ് അസോസിയേഷൻ പഠനോപകരണങ്ങൾ സമ്മാനമായി നൽകി. യോഗത്തിൽ ഇരുന്നൂറിലധികം പേർ പങ്കെടുത്തു.എല്ലാവർക്കും പാൽപായസം നൽകി.

# വിദ്യാർത്ഥികളെ അനുമോദിച്ചു



2018-2019 അധ്യനവർഷത്തിൽ ചെറുവണ്ണൂർ വൊക്കേഷണൽ ഗവ.വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിൽ നിന്നും എസ്.എസ്.എൽ.സി, എച്ച്.എസ്.എസ്, വി.എച്ച്.എസ്.ഇ പരീക്ഷകളിൽ ഉന്നതവിജയം നേടിയ വിദ്യാർത്ഥികളെയും എൽ.എസ്.എസ്, യു.എസ്.എസ്, രാജ്യപുരസ്കാർ, സംസ്കൃത സ്കോളർ

ഷിപ്പ് എന്നിവ ലഭിച്ച വിദ്യാർത്ഥികളെയും അനുമോദിച്ചു. വിദ്യാർത്ഥികൾക്ക് പി.സി.ഉണ്ണിക്കോരു മാസ്റ്റർ എന്റോവ്മെന്റ്, ഒട്ടൻ മെമ്മോറിയൽ എന്റോവ്മെന്റ് പൂർവ്വഅധ്യാപക സംഘടനയായ ആർടെക് ന്റെ ഉപഹാരം എന്നിവ നൽകുകയുണ്ടായി. ഹയർസെക്കന്ററി വിഭാഗത്തിന് വി.കെ.സി ഗ്രൂപ്പ് ക്യാഷ് അവാർഡും സമ്മാനിച്ചു. കോഴിക്കോട് കോർപ്പറേഷൻ വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാൻ ശ്രീ.എം.രാധാക്രഷ്ണൻ മാസ്റ്റർ പരിപാടി ഉദ്ഘാടനം ചെയ്തു. കോഴിക്കോട് കോർപ്പറേഷൻ വികസന കാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാൻ ശ്രീ.പി.സി.രാജൻ സമ്മാനദാനവും നിർവഹിച്ചു. പി.ടി.എ പ്രസിഡന്റ് എൻ.വി.ശിവശങ്കരന്റെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ പ്രധാനധ്യാപകൻ ശ്രീ അജിത് കുമാർ , വി.എച്ച്.എസ്.ഇ പ്രിൻസിപ്പൽ പി.സഞ്ജീവ് കുമാർ, കെ.പ്രേമദാസൻ, വി.മുഹമ്മദ്, പ്രിൻസ്.സി.പൗലോസ് എന്നിവർ സംസാരിച്ചു. ഹയർസെക്കന്ററി പ്രിൻസിപ്പൽ സുഷമ ജേക്കബ് സ്വാഗതവും എസ്.ആർ.ജി കൺവീനർ കെ.ടി.ഗോപാലൻ നന്ദിയും രേഖപ്പെടുത്തി.

# വിജയോത്സവം 2019 - 2020

2019 -20 അദ്ധ്യയന വർഷത്തെ വിജയോത്സവത്തിന്റെ തനതു പ്രവർത്തനങ്ങൾ സ്കൂൾ തുറക്കുന്നതിന്റെ മുന്നോടിയായി തയ്യാറാക്കപ്പെട്ട "ഉണർവ് എന്നാണ് " ഈ സംരംഭത്തിന്റെ പേര് .

ജൂൺ മാസത്തിൽ കഴിഞ്ഞ വർഷത്തെ റിസൾട്ട് അനാലിസിസ് നടത്തി . 95.03% ആണ് വിജയശതമാനം. 17 ഫുൾ A+, 16 9 A+ നേടാൻ കഴിഞ്ഞത് ചരിത്രവിജയമാണ് . വിജയസംഗമം പരിപാടിയിൽ ഇവരെയെല്ലാവരെയും ആദരിച്ചു. ജൂലെയ് മാസത്തിൽ Morning class കൾ തുടങ്ങി .Unit test കൾ 8-7-2019 മുതൽ 18-7-2019 വരെ നടത്തി. ഇതിന്റെ അടിസ്ഥാനത്തിൽ കുട്ടികൾക്ക് Morning class കൾ നൽകി. കുട്ടികൾക്കും രക്ഷിതാക്കൾക്കും Counselling class കൾ നൽ കിയിരുന്നു. Learning Disability യുള്ള കുട്ടികളെ കണ്ടെത്തി അവരുടെ Parents ന് Counselling class കൾ നൽകി.

## വിജയപഥം

ബേപ്പൂർ നിയോജകമണ്ഡലം ഹൈസ്കൂളിൽ S.S.L.C യ്ക്ക് പഠിക്കുന്നവിദ്യാർ ത്ഥികളെ എല്ലാവരെയും വിജയിപ്പിക്കുന്നതിനും മികച്ച ഗ്രേഡ് കരസ്ഥമാക്കുന്നതിനുമായി ബഹു.വി.കെ.സി.മമ്മത് കോയ എം.എൽ.എ യുടെ

നേതൃത്വത്തിൽ ആവിഷ്കരിച്ച പദ്ധതിയാണ് "വിജയപഥം". സ്കൂൾതല സമിതി രൂപീകരണം 22-8-2019 ന് 3.30 ന് നടത്തി. വിജയപഥം നിയോജകമണ്ഡലം ഉദ്ഘാടനം 16-8-2019 ന് 10 AM ന് നടന്നു.




എല്ലാ H.S teachers ന് പ്രത്യേക ക്ലാസ്സുകൾ നൽകിയിരുന്നു. First term exam ൽ ടോപ്പ്ലസ്സിന് മെഡ്യൂൾ വിതരണം ചെയ്തു. വിജയപഥത്തിന്റെ നേതൃത്വത്തിൽ മികവ് കേന്ദ്രം നവമ്പർ 4ാം തീയതി മുതൽ വൈകീട്ട് 4.30 മുതൽ 6.30 വരെ ആരംഭിച്ചു.അതിലെ രണ്ട് കുട്ടികളെ ഒരു അധ്യാപകൻ എന്ന വീതം ദത്ത് നൽകി, ഗൃഹ സന്ദർശനം നടത്തി. മികവ് കേന്ദ്രത്തിൽ പഠിക്കുന്ന കുട്ടികൾക്ക് ഉള്ള മൊഡ്യൂൾ ജനവരി 9 ന് ഉദ്ഘാടനം ചെയ്തു,ബഹു.ഡി.ഇ.ഒ.മുരളീധരൻ സർ പ്രകാശനം ചെയ്തു.

# കൂട്ട് - ദ്വിദ്വിന സഹവാസ ക്യാമ്പ്







ഭിന്ന ശേഷിക്കാരായ കുട്ടികൾക്ക് ഉൾക്കരുത്തേകാൻ പുതിയ ഉൾച്ചേർക്കൽ വിദ്യാഭ്യാസ(inclusive education )പദ്ധതി ബാംഗ്ളൂർ നിംഹാൻസിന്റെ സഹകരണത്തോടെ സാമൂഹ്യ നീതി വകുപ്പ് GVHSS ചെറുവണ്ണൂരിൽ തുടക്കമിട്ടു. സംസ്ഥാനതലത്തിൽ ചെറുവണ്ണൂർ GVHSS -ൽ പൈലറ്റ് Project ആക്കിയാണ് പദ്ധതി നടപ്പിലാക്കുന്നത് ക്യാമ്പ് കോർപറേഷൻ വികസന സ്ഥിരം സമിതി അദ്ധ്യക്ഷൻ പി.സി.രാജൻ ഉദ്ഘാടനം ടെയ്തു.





# ENGLISH CLUB




The English club was officially inaugurated on 11/7/2019. Mr.Prathap Paul, Programme Co-Ordinator of AIR calicut inaugurated the club. Presence of 50 English club members, musical programme by Rema teacher and the short film show enhanced the interest of the function. The inspiring speech of Mr.Prathap Paul was the highlight of the function.

A book review competition was conducted as part of club activities in which Shiza Parambath and Rifa Parveen got prizes. An essay competition and elocution competition were held as part of Independence Day Celebration. A role play competition was also conducted by the school role play team.

The main objective of conducting these competitions is to enhance the quality and interest in English among students.

# സോഷ്യൽ സയൻസ് ക്ലബ്

ചെറുവണ്ണൂർ വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളിലെ സോഷ്യൽ സയൻസ്,ഗാന്ധിദർശൻ ക്ലബ്ബുകളുടെ ഔപചാരികമായ ഉദ്ഘാടനം ശ്രീ.അനിൽ മാസ്റ്റർ (എച്ച്.എസ്.എസ്.ടി.ജി.വി.എച്ച്.എസ്.എസ്.ചെറുവണ്ണൂർ) നിർവ്വഹിച്ചു. സാമുഹികപ്രവർത്തനങ്ങളിൽ വിദ്യാർർത്ഥികൾ നിർവ്വഹിക്കേണ്ട ചുമതലകളെ കുറിച്ച് അദ്ദേഹം പരാമർശിച്ചു.ചടങ്ങിൽ കൺവീനർ ലിസ ജോൺ ടീച്ചർ അധ്യക്ഷത വഹിച്ചു. ലോക സമുദ്ര ദിനം,ജനസംഖ്യാദിനം,എന്നിവയുമായി ബന്ധപ്പെട്ട മത്സരവിജയികൾക്ക് സമ്മാനദാനം നിർവ്വഹിച്ചു. തുടർന്ന് അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കലാപരിപാടികൾ ഉണ്ടായിരുന്നു. രാംദാസ് സർ,ഗോപാലൻ സർ,രാജേഷ് സർ,മുനീർ സർ എന്നിവർ ആശംസയർപ്പിച്ചു.

ക്ളബ് ഇനോഗറേഷൻ



സോഷ്യൽ ലാബ്



# *SOCIAL SCIENCE FAIR*






**SOCIAL CLUB FIELD TRIP TO MALAMPUZHA**













# സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി (spc)

പൗരബോധവും ലക്ഷ്യബോധവും സാമൂഹ്യ പ്രതിബദ്ധയും സേവന സന്നദ്ധകയുമുള്ള ഒരു യുവജനതയെ വാർത്തെടുക്കുന്നതിനായി സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി (spc)ആരംഭിച്ചു .

നമ്മുടെ വിദ്യാലയത്തിൽ 2019.20 വർഷത്തിൽ spc യൂണിറ്റ് അനുവദിക്കപ്പെട്ടു . അപേക്ഷിച്ച 170 വിദ്യാർത്ഥികളിൽ നിന്നും (8 ആം തരം) 44 കുട്ടികളെ ജൂനിയർ കേഡറ്റുകളായി തിരഞ്ഞെടുത്തു . ജൂലൈമാസം 2019 പ്രവർത്തനങ്ങൾ ആരംഭിച്ചു .ബുധനാഴ്ച വൈകുന്നേരങ്ങളിലും ശനിയാഴ്ചകളിലും നല്ലളം പോലീസ് സ്റ്റേഷനിൽ നിന്നുള്ള ഉദ്യാഗസ്ഥർ കേഡറ്റുകൾക്ക് ഡ്രിൽ , പരേഡ് പരിശീലനം നൽകുന്നു , കൂടാതെ കുട്ടികൾക്ക് റോഡ് സുരക്ഷ , പരിസ്ഥിതി, ലഹരി ഉപയോഗം തുടങ്ങിയ വിഷയങ്ങളിൽ പോലീസ് , വനംവകുപ്പ് എക്സൈസ് വകുപ്പുകളിൽ നിന്നും ഉദ്യോഗസ്ഥർ ക്ലാസ്സുകൾ എടുത്തു .

**ഓണം ക്രിസ്മസ് അവധി ദിവസങ്ങളിൽ ത്രിദിന ക്ലാസ്സുകൾ സംഘടിപ്പിച്ചു . ക്യാമ്പ് ദിനങ്ങളിൽ കുട്ടികൾക്ക് കരാട്ടേ ക്ലാസ്സുകൾ , കളരി പ്രവർത്തനം , പ്രഥമ ശുശ്രൂഷ പരിശീലനം തുടങ്ങിയവ സംഘടിപ്പിച്ചു.**

**തുഞ്ചൻ പറമ്പ്, മാമാങ്ക സ്മാരകം തുടങ്ങിയ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്കുള്ള യാത്രകൾ കുട്ടികളിൽ നാടിനോടുള്ള ബഹുമാനം വർദ്ധിപ്പിച്ചു.**


പി ടി പരേഡ്


ക്രിസ്തുമസ് ആഘോഷം


















OTHER RELATED MAMANKAM MONUMENTS TO
PAZHUKKAMANDAPAM
MARUNNARA
3. NILAPAD
4. MANIKKINA
സന്ദർശിക്കേണ്ട മറ്റു മാമാങ്ക
പഴുക്കാമണഡപം
മരുന്നറ



MALAYALAM EXPO



## READERS FORUM BOOK REVIEW



## HINDI EXPO



## MATHS CLUB


INAUGURATION


ശാസ്ത്രോത്സവം
1729


MATHS FAIR WINNERS




National
Statistics
Day
June
29
P.C Mahalanobis





## SCIENCE CLUB FIELD TRIP TO KERALA SOAPS, WATER AUTHORITY







KERALA SOAPS



## MOTIVATION CAMP FOR STD.X STUDENTS AT V-SET WAYANAD











# HERBAL GARDEN NILAMBUR






JRC STUDENTS AT MERCY OLD AGE HOME








# RAIN INTERNATIONAL NATURE FILM FESTIVAL

## CRYSTAL BUTTERFLY AWARD





***CHILDRENS DAY CELEBRATION***





# TO CHIKMANGALORE, MYSORE














# *LITTLE KITES CAMP*



## *SPORTS DAY*



# *NATURE CLUB*









POCO
SHOT ON POCO F1


POCO
SHOT ON POCO F1


gvhss cheruvannur
സ്വരൂപ്